**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 390 — 03.02.2014 -ൽ മറുപടിയ്ക്ക്

## ആരോഗ്യ രംഗത്തെ വെല്ലുവിളികൾ നേരിടാനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>,, മോൻസ് ജോസഫ്<br>,, റ്റി.യു. കുരുവിള<br>,, സി. എഫ്. തോമസ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ആരോഗ്യരംഗം നേരിടുന്ന വെല്ലുവിളികൾ നേരിടുവാൻ സ്വീകരിച്ച് വരുന്ന നടപടി വ്യക്തമാക്കുമോ? | (എ) കേരളത്തിൽ ആരോഗ്യരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ, വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികളും ജീവിതശൈലീരോഗങ്ങളുമാണ്. ഇതിനെ ഫലപ്രദമായി നേരിടുവാൻ സംസ്ഥാന സർക്കാരും ആരോഗ്യവകുപ്പും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും, വർഷാരംഭത്തിൽ തന്നെ സമഗ്രമായ ഒരു കർമ്മ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ തന്നെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതല യോഗം ചേരുകയും കർമ്മപദ്ധതിയ്ക്ക് രൂപം നൽകുകയും ചെയ്യുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തിനായി പ്രത്യേക യോഗങ്ങളും അതിനെ തുടർന്ന് ആവശ്യമായ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകാറുണ്ട്.<br>ജീവിതശൈലീരോഗങ്ങളെ നിയന്ത്രിക്കുന്നതിനും, ചികിത്സിക്കുന്നതിനും ഈ രംഗത്തെ വിദഗ്ദ്ധന്മാരുടെ സഹായത്തോടെ ചികിത്സാ പ്രോട്ടോകോൾ തയ്യാറാക്കി സംസ്ഥാനതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ജീവിതശൈലീരോഗങ്ങൾക്ക് എതിരായി ഒരു കർമ്മപദ്ധതി 2011 —ൽ സംസ്ഥാനത്ത് ഒട്ടാകെ നടത്തുന്നതിന് തുടക്കം കുറിക്കുകയും 2012— ൽ 'അമൃതം ആരോഗ്യം' എന്ന പേരിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. |
| (ബി) കൊതുക്, എലി ഇവയുടെ ക്രമാതീതമായ പെരുപ്പം മൂലം ഡെങ്കിപ്പനി, എലി പ്പനി എന്നിവ വ്യാപിച്ച് നിരവധി മരണം സംഭവിക്കുന്ന സാഹചര്യത്തിൽ ഇവയുടെ നിർമ്മാർജ്ജനത്തിന് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) ഡെങ്കിപ്പനി, എലിപ്പനി എന്നീ പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിന് പ്രത്യേക പദ്ധതികൾ ഇപ്പോൾതന്നെ നിലവിലുണ്ട്. ഡെങ്കിപ്പനി നിയന്ത്രിക്കുന്നതിന് ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടി (NVBDCP) അംഗീകരിച്ചമാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് പ്രധാനമായും പ്രവർത്തനങ്ങൾ നടത്തി വരുന്നത്. കൂടാതെ സംസ്ഥാന ആരോഗ്യ വകുപ്പ് പ്രത്യേകമായി ആവിഷ്കരിച്ച് രൂപം നൽകുന്ന കർമ്മ പരിപാടി അനുസരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി ഓരോ പ്രദേശത്തേയും രോഗസംക്രമണത്തിന് കാരണമാകുന്ന ഘടകങ്ങൾ പ്രത്യേകം കണ്ടെത്തി ആവശ്യമായ ഇടപെടൽ |

| | |
|---|---|
| | നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ സഹകരണം പൂർണ്ണമായും ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ